**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** | **08-08-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | ശബരിമല അന്താരാഷട വിമാനത്താവള പദ്ധതിക്ക് 13.04.2023-ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 'സൈറ്റ് ക്ലിയറൻസ്' അനുമതിയും, 30.06.2023-ന് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ലഭിച്ചു. പദ്ധതി പ്രദേശത്ത് പാരിസ്ഥിതാഘാത പഠനം (EIA study) നടത്തുന്നതിനുള്ള ടേംസ് ഓഫ് റെഫറൻസ്-ന് 28.07.2023-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുകയും ചെയ്തു. ഇതനുസരിച്ച് പാരിസ്ഥിതാഘാത പഠനം നടന്നു വരികയാണ്. ശബരിമല അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പിന് ഒരു കമ്പനി (SPV) രൂപീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ; ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാര വിതരണം പൂർത്തിയാക്കി എന്നത്തേക്ക് സ്ഥലം ലഭ്യമാക്കുമെന്നറിയിക്കാമോ; | (ബി) | എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 2570 ഏക്കർ ഭൂമി വിമാനത്താവളപദ്ധതിക്കായി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളിൽ സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിനെ ചുമലപ്പെടുത്തിയിരുന്നു. സാമുഹ്യാഘാത പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിന് വിദഗ്ധസമിതിയെ ചുമതലപ്പെടുത്തുകയും സമിതിയുടെ ശുപാർശയുടെ തുടർ നടപടി സ്വീകരിക്കുന്നതുമാണ്. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രത്യേക പാക്കേജായി | (സി) | ശബരിമല ഗ്രീൻഫീൽഡ് പദ്ധതിയ്ക്കായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് LARR ആക്റ്റ്, 2013 സെക്ഷൻ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | | 26,27,28,29,30 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ